ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 19-06-2025**

## പ്രധാനവാർത്തകൾ

1. നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിലമ്പൂരിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു; പ്രമുഖ സ്ഥാനാർത്ഥികൾ വോട്ട് രേഖപ്പെടുത്തി; പോളിംഗ് ശതമാനത്തിൽ കണ്ണ് നട്ട് മുന്നണികൾ.

2. ഗ്രന്ഥശാല പ്രസ്ഥാനം ലോകത്തിന് മാതൃകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ; വായനയിലൂടെ മാത്രമേ ലോകത്തെ വിശാലമായി വീക്ഷിക്കാനും സന്തോഷവും സമാധാനവും കൈവരിക്കാനും സാധിക്കൂ എന്നും മുഖ്യമന്ത്രി.

3. ജില്ലാ അടിസ്ഥാനത്തിൽ സ്കൂൾ പഠന മികവ് വിലയിരുത്തുന്ന കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സൂചികയിൽ കേരളത്തിന് നേട്ടം.

4. ഇറാനിലെ ഇന്ത്യക്കാരെ തിരികയെത്തിക്കുന്നതിനുള്ള ഓപ്പറേഷൻ സിന്ധു തുടരും; തിരികെയെത്തിക്കണമെന്ന് ആവശ്യപ്പെട്ടുള്ള 350 ലധികം അഭ്യർത്ഥനകൾ ലഭിച്ചിട്ടുണ്ടെന്ന് വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ്.

5. സംസ്ഥാനത്ത് മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് ; ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

RNU TVPM

6. ഇന്ത്യക്കെതിരെ നാളെയാരംഭിക്കുന്ന ഒന്നാം ക്രിക്കറ്റ് ടെസ്റ്റിനുള്ള ഇംഗ്ലണ്ട് ടീമിനെ പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## നിലമ്പൂർ വോട്ടെടുപ്പ്

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നിലമ്പൂർ മണ്ഡലത്തിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. രാവിലെ ഏഴിന് ആരംഭിച്ച പോളിങ് വൈകിട്ട് ആറുവരെ നീളും. എൽഡിഎഫ് സ്ഥാനാർഥി എം. സ്വരാജ് മാങ്കുത്ത് എൽപി സ്കൂളിലും യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത് വീട്ടിക്കുത്ത് ഗവൺമെന്റ് എൽപി സ്കൂളിലും വോട്ട് രേഖപ്പെടുത്തി.

എൻഡിഎ സ്ഥാനാർഥി മോഹൻ ജോർജ് ചുങ്കത്തറ മാർത്തോമാ ഹയർ സെക്കൻഡറി സ്കൂളിൽ വോട്ട് രേഖപ്പെടുത്തി.

തത്സമയ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു ചേരുന്നു.....

സുരേഷ്..........

1) പകുതി സമയം പിന്നിടുമ്പോൾ പോളിങ് എങ്ങനെ പുരോഗമിക്കുന്നു ? രാവിലെ ബൂത്തുകളിൽ ദൃശ്യമായ ആവേശം അതേപടി തുടരുകയാണോ ?

3) കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് പോളിംഗ് ശതമാനം കൂടാനുള്ള സാധ്യതയുണ്ടോ ? പോളിംഗ് ശതമാനവുമായി ബന്ധപ്പെട്ട് മുന്നണികളുടെ പ്രതീക്ഷകൾ എന്തൊക്കെയാണ്?

&&&&&&&&&&&&&&&&&&

RNU TVPM

## നിയമസഭാ ഉപതിരഞ്ഞെടുപ്പ്

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മൂന്ന് സംസ്ഥാനങ്ങളിലെ നാല് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പും പുരോഗമിക്കുകയാണ്. ഗുജറാത്തിൽ വിസാവദർ മണ്ഡലത്തിൽ 28 ശതമാനത്തിലധികം പോളിംഗ് രേഖപ്പെടുത്തിയപ്പോൾ, കാഡി നിയമസഭാ മണ്ഡലത്തിൽ 24 ശതമാനത്തിലധികം പോളിംഗ് രേഖപ്പെടുത്തി. പഞ്ചാബിലെ ലുധിയാനയിൽ 21 ശതമാനവും, പശ്ചിമ ബംഗാളിലെ കാളിഗഞ്ചിൽ 31 ശതമാനവും പോളിംഗ് രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാ മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ തിങ്കളാഴ്ച നടക്കും.

&&&&&&&&&&&&&&&&&&&

## പി.എൻ.പണിക്കർ-വായനമാസാഘോഷം (ഇൻട്രോ)

കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനങ്ങൾ ലോകത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആ പാരമ്പര്യം കാത്തു സൂക്ഷിക്കാൻ കേരളത്തിനായതായും മുഖ്യമന്ത്രി പറഞ്ഞു. പി.എൻ.പണിക്കർ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന വായനദിന, മാസാഘോഷം തിരുവന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. വായനയിലൂടെ മാത്രമേ ലോകത്തെ വിശാലമായി വീക്ഷിക്കാനും ലോകത്ത് സന്തോഷവും സമാധാനവും കൈവരിക്കാനും സാധിക്കൂ എന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

മന്ത്രി വി.ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

&&&&&&&&&&&&&&&&&&&

PNUTVPM

## ജില്ലാ വിദ്യാഭ്യാസ റാങ്കിങ്

ജില്ലാ അടിസ്ഥാനത്തിൽ സ്കൂൾ പഠന മികവ് വിലയിരുത്താനുള്ള കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പെർഫോമൻസ് ഗ്രേഡിങ് ഇൻഡക്സ് ഫോർ ഡിസ്ട്രിക്റ്റ്സിൽ കേരളത്തിനു മികച്ച നേട്ടം. രാജ്യത്തെ ഏറ്റവും മുൻ നിരയിള്ള 41 ജില്ലകളിൽ 13 എണ്ണവും കേരളത്തിൽ നിന്നാണ്.

&&&&&&&&&&&&&&&&&&

## ആദ്യ വിമാനം

ഇറാനിൽ നിന്നും ഒഴിപ്പിച്ച ഇന്ത്യക്കാരുമായുള്ള ആദ്യവിമാനം ദില്ലിയിലെത്തി. 110 പേരിൽ 90 പേരും ജമ്മു കശ്മീർ സ്വദേശികളാണ്. ആദ്യ സംഘത്തിൽ മലയാളികൾ ഇല്ലെന്നാണ് സൂചന. ടെഹ്റാനിലെ മലയാളി വിദ്യാർത്ഥികളുമായി ഇന്ത്യൻ എംബസി ബന്ധം പുലർത്തിവരുന്നു. ഇറാനിൽ നിന്ന് തിരികെയെത്തിക്കണമെന്ന് ആവശ്യപ്പെട്ടുള്ള 350 ലധികം അഭ്യർത്ഥനകൾ ഇന്ത്യൻ പൗരന്മാരിൽ നിന്ന് സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഇന്നും വിവിധ ജില്ലകളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കർണാടക തീരത്ത് ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. കുട്ടനാട് താലൂക്ക് പരിധിയിലെ പ്രൊഫഷണൽ

കോളേജുകൾ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പത്തനംതിട്ട ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കുന്ന മേപ്രാൽ ഗവ. സെൻറ് ജോൺസ് എൽ പി സ്കൂളിനും ഇന്ന് അവധി നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## മഴ- വീടുകൾ തകർന്നു

മഴക്കെടുതിയിൽ സംസ്ഥാനത്ത് ഇതുവരെ 104 വീടുകൾ പൂർണമായും 3,772 വീടുകൾ ഭാഗികമായും തകർന്നു. 26 ക്യാമ്പുകളിലായി 451 പേരെ മാറ്റി പാർപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

RNU TVPM

## മൃതദേഹം കണ്ടെടുത്തു

പത്തനംതിട്ടയിൽ പാടശേഖരത്തിലെ ഒഴുക്കിൽപ്പെട്ട് കാണാതായ പ്ലസ് ടു വിദ്യാർഥിയുടെ മൃതദേഹം കണ്ടെടുത്തു. തിരുവല്ല സ്വദേശി ജെറോ എബ്രഹാം സാബു ആണ് മരിച്ചത്. ഈരാറ്റുപേട്ടയിൽ നിന്നും എത്തിയ മുങ്ങൽ വിദഗ്ദ്ധരുടെ സംഘം നടത്തിയ പരിശോധനയിലാണ് മൃതദേഹം കണ്ടെത്തിയത്. ഒഴുക്കിൽപ്പെട്ട സുഹൃത്തിനെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെയാണ് ജെറോയെ കാണാതായത്.

&&&&&&&&&&&&&&&&&&

## ശബരിമല (ഇൻട്രോ)

ശബരിമല നട ഇന്ന് രാത്രി അടയ്ക്കും. പമ്പ ഗണപതി ക്ഷേത്രത്തിൽ അഷ്ടബന്ധ കലശ പൂജകൾ പുരോഗമിക്കുന്നു. നാളെ രാവിലെ 10.15 നും 11 നും ഇടയിലുള്ള മുഹൂർത്തത്തിൽ അഷ്ട ബന്ധ കലശം നടക്കും.

വിശദാംശങ്ങളുമായി പത്തനംതിട്ടയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി **ശ്രീജി എസ്.ശ്രീധർ...**

(വോയിസ്)

&&&&&&&&&&&&&&&&&&

## കൊട്ടിയൂർ -വൈശാഖ മഹോത്സവം

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ പ്രധാന ചടങ്ങായ ഇളിന്നീരാട്ടം ഇന്നലെ അർധരാത്രിയോടെ ആരംഭിച്ചു. ഉഷ കാമ്പ്രം പ്രവീൺ നമ്പൂതിരിയാണ് ആദ്യം അഭിഷേകം നടത്തിയത്. ഇന്ന് രാവിലെ വരെ ഇളനീരഭിഷേകം തുടർന്നു. അഭിഷേകം ചെയ്ത ഇളന്നീരുകൾ ഭക്തർക്ക് പ്രസാദമായി നൽകും.

&&&&&&&&&&&&&&&&&&

## ഇംഗ്ലണ്ട് -ടീമിനെ പ്രഖ്യാപിച്ചു

ഇന്ത്യക്കെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിനുള്ള ഇംഗ്ലണ്ട് ടീമിനെ പ്രഖ്യാപിച്ചു. ബെൻ സ്റ്റോക്സ് നയിക്കുന്ന ടീമിൽ ജാമി സ്മിത്താണ് വിക്കറ്റ് കീപ്പർ. സാക് ക്രോളിയും ബെൻ ഡെക്കറ്റും ഓപ്പൺ ചെയ്യും. പേസർ ക്രിസ് വോക്സ് ടീമിൽ തിരിച്ചെത്തി.

RNU TVPM

&&&&&&&&&&&&&&&&&&

## പാലക്കാട് -കാട്ടാന ആക്രമണം

പാലക്കാട് മുണ്ടൂരിൽ കാട്ടാന ആക്രമണത്തിൽ ഒരാൾ മരിച്ചു. ഞാറക്കോട് സ്വദേശി കുമാരൻ ആണ് മരിച്ചത്. ഇന്ന് പുലർച്ചെ വീടിന് പുറത്തിറങ്ങിയ കുമാരനെ കാട്ടാന ആക്രമിക്കുകയായിരുന്നു. കഴിഞ്ഞ ഏപ്രിലിലും മുണ്ടൂരിൽ ഒരാൾ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു.

&&&&&&&&&&&&&&&&&&

## കണ്ണൂർ -എം.ഡി.എം.എ

കണ്ണൂർ തളിപ്പറമ്പിൽ 60,000 രൂപ വിലമതിക്കുന്ന 39 ഗ്രാം എം.ഡി.എം.എ യുമായി ഒരാൾ അറസ്റ്റിൽ. കോഴിക്കോട് വാണിമേൽ സ്വദേശി പി.ഹഫീസാണ് ലഹരിവിരുദ്ധ സേനയുടെ പിടിയിലായത്. ബംഗളൂരുവിൽ നിന്ന് മയക്കുമരുന്ന് വാങ്ങി തളിപ്പറമ്പിലെ സബ് ഏജൻറുമാർക്ക് വിൽപ്പന നടത്താൻ എത്തിയതാണ് ഇയാളെന്ന് ചോദ്യം ചെയ്യലിൽ വ്യക്തമായതായി പൊലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## വാഷിംഗ് മെഷീന് തീപിടിച്ചു

കോഴിക്കോട് കൊയിലാണ്ടിയിൽ വാഷിംഗ് മെഷീന് തീപിടിച്ചു. പൂക്കാട് സ്വദേശി അഷ്റഫിൻറെ വീട്ടിലാണ് സംഭവം. അഗ്നിരക്ഷാസേന എത്തി തീ അണച്ചു. ഷോർട്ട് സർക്യൂട്ടാണ് അപകടത്തിന് കാരണമെന്നാണ് നിഗമനം.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&